സെക്രട്ടറിയായി രണ്ടുവർഷമോ ജോലി നോക്കിയിട്ടുള്ള ഏതു മെമ്പറേയും ട്രൈബ്യൂണലിന്റെ ചെയർമാനോ വൈസ് ചെയർമാനോ ആയി നിയമിക്കാവുന്നതാണ്.

കൂടാതെ കേന്ദ്രഗവൺമെന്റിൽ അഡീഷണൽ സെക്രട്ടറിയായോ അഥവാ അതിനു തത്തുല്യമായ തസ്തികയിൽ സംസ്ഥാന ഗവൺമെന്റിലോ ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും ജോലി നോക്കിയിട്ടുള്ള ആളിനെയും ട്രൈബ്യൂണലിന്റെ വൈസ്ചെയർമാനായി നിയമിക്കാവുന്നതാണ്. എല്ലാ നിയമനങ്ങളും സംസ്ഥാന ഗവർണ്ണറുമായി കൂടിയാലോചിച്ചശേഷം പ്രസിഡൻറായിരിക്കും നടത്തുന്നത്.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മൂന്ന് ബഞ്ചുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ട്രൈബ്യൂണലിന്റെ കേന്ദ്ര ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

ട്രൈബ്യൂണലിന്റെ പ്രവർത്തനം 1-6-1986 മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

18. [23] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-2-1986-ൽ സെക്രട്ടേറിയേറ്റിൽ ഓരോ വകുപ്പിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ എത്രവീതമാണ് ;

(ബി) ഇതിൽ ഒരുകൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ എത്രയാണ് ;

(സി) അഞ്ച് കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ എത്രവീതമാണ് ;

(ഡി) ഏതു വകുപ്പിലാണ് ഏറ്റവും കൂടുതൽ ഫയൽ ഉള്ളത് ?

ഉത്തരം

(എ, ബി, സി) ഫെബ്രുവരി മാസത്തിലെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചുവരുന്നതേയുള്ളു. ജനുവരി 31-ലെ കണക്കനുസരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകളെന്ന് തരംതിരിച്ച് വിവരം ശേഖരിക്കാറില്ല. (ഒരു വർഷത്തിനും രണ്ടു വർഷത്തിനുമിടക്ക് പഴക്കമുള്ള ഫയലുകളെന്നും രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള ഫയലുകളെന്നുമാണ് തരംതിരിക്കാറുള്ളത്.)

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിൽ.

കോഴിക്കോട് വിമാനത്താവളത്തിന്റെ പണി

19 [24] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ പണി എന്നത്തേക്ക് തീരും,

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണി തീരുമ്പോൾ ഇവിടെ ഏതെല്ലാം തരത്തിലുള്ള വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയും ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര സംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 1987 ഡിസംബർ അവസാനത്തോടെ പണി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ ബോയിംഗ് 737 വിമാനം ഇറങ്ങുന്നതിന് അനുയോജ്യമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ബി. 737-നെക്കാൾ ഭാരമേറിയ വിമാനങ്ങളെ സ്വീകരിക്കുവാൻ ഈ വിമാനത്താവളം ഉപയുക്തമാവില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ മരണ നിരക്ക്

20. [25] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരുവർഷം ശരാശരി എത്രപേർ മരണമടയുന്നുണ്ട് ;

(ബി) അതിൽ സ്ത്രീകൾ എത്ര ശതമാനം ;

(സി) കുട്ടികൾ എത്ര ശതമാനം ?

ഉത്തരം

(എ) 1,26,210 പേർ.

(ബി) 42%.

(സി) 7% (ഒരുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക്).

നിരോധ് വിതരണം

21. [26] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം 28-2-1986 വരെ സംസ്ഥാനത്ത് എത്ര നിരോധ് വിതരണം ചെയ്തു ;

(ബി) വില്പന മുഖാന്തിരം എത്ര സംഖ്യ വരവുണ്ടായി ;

(സി) നിരോധ് ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് ;

(ഡി) റേഷൻ കടകൾ ബാർബർഷാപ്പുകൾ എന്നിവ മുഖാന്തിരം നിരോധ് വിതരണം ചെയ്യുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ ഏജൻസികൾ മുഖാന്തിരം എത്ര എണ്ണം വിതരണം ചെയ്തു ?

ഉത്തരം

(എ) 63,48,149.

LIBRARY ARCHIVES Kerala Legislative Assembly